**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - ബി.ഐ.എഫ്.&എച്ച്.ഡി.എഫ് ഭവന പദ്ധതികൾ- സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക എറണാകുളം ജില്ലക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.907/2018/മ.തു.വ** തിരുവനന്തപുരം, 19/11/2018

---

പരാമർശം:-ഫിഷറീസ് ഡയറക്ടറുടെ 1/11/2018ലെ എൻ.1 /6527/18 (1)നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഫിഷറീസ് വകുപ്പ് മുഖേന 2015-16 മുതൽ 2017-18 വരെ നടപ്പിലാക്കുന്ന ബി.ഐ.എഫ്. & എച്ച്.ഡി.എഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഭവന പദ്ധതികൾക്കായി എറണാകുളം സബ് ട്രഷറിയിലെ ടി.എസ്.ബി അക്കൗണ്ടിന്റെ നിന്നും സർക്കാർ പിൻവലിച്ച തുകയിൽ വിവിധ ഭവന പദ്ധതികൾക്കായി 3,69,05,757 രൂപ എറണാകുളം ജില്ലക്ക് അനുവദിച്ചു നൽകിയിട്ടുണ്ട് .പ്രസ്തുത തുകയിൽ ബി.ഐ.എഫ് &എച്ച്.ഡി.എഫ് ഭവന പദ്ധതിക്കായി അനുവദിച്ച 64,80,757 /രൂപ ജില്ലയിൽ ഇതിനകം ചെലവഴിച്ചിട്ടുണ്ട് . ആയതിനാൽ ബാക്കി തുകയായ 50,00,000 രൂപ 2018-19 സാമ്പത്തിക വർഷത്തിൽ 4405-00-103-93 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും എറണാകുളം ജില്ലക്ക് അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച തുകയിനത്തിൽ ബി.ഐ.എഫ് & എച്ച്.ഡി.എഫ് ഭവന പദ്ധതികൾക്കായി ആകെ 50,00,000 രൂപ (അൻപതു ലക്ഷം രൂപ മാത്രം) 2018-19 വർഷത്തിലെ 4405-00-103-93 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യവകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസര്